## ഇരിങ്ങാലക്കുട രൂപത

# സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

തിയ്യതി : 13.10.2019 **STD I** സമയം : 10.30 am - 12.30 pm

മാർക്ക് : 50

## വാചികപരീക്ഷ

**I ഒറ്റവാക്കിൽ ഉത്തരം പറയുക** (5x5=25)

1. വയലിലെ ലില്ലികളെ സൃഷ്ടിച്ചത് ആര്?
2. നിങ്ങളുടെ മാമ്മോദീസ പേര് പറയുക.
3. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും ആരെയാണ് സൃഷ്ടിച്ചത്?
4. നമ്മെ കാത്ത് സൂക്ഷിക്കാനായി ദൈവം തന്നത് ആരെ?
5. രാത്രിയിൽ പ്രകാശം തരുവാൻ ദൈവം സൃഷ്ടിച്ചത് ആരെയെല്ലാം?

**II ചേരുംപടി ചേർത്ത് പറയുക** (3x3=9)

6. ആദ്യത്തെ സ്ത്രീയുടെ പേര് – ശിമയോൻ
7. ഈശോ തിരുനാളിനുപോയ സ്ഥലം – ഹവ്വാ
8. പത്രോസിന്റെ മറ്റൊരു പേര് – ജറുസലേം

**III ഉത്തരം പറയുക** (1x6=6)

9 നമ്മെ സൃഷ്ടിച്ച ദൈവത്തെ സ്തുതിച്ചുകൊണ്ട് ഒരു പാട്ടുപാടാമോ?

10 കുരിശടയാളം വരയ്ക്കുക.

(1x7=7)

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത
## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

തിയ്യതി :13.10.2019 **STD II** സമയം : 10.30 am - 12.30 pm

മാർക്ക് : 50

---

## വാചികപരീക്ഷ

**I ഉത്തരം പറയുക** (4x3=12)

1. മറിയം താമസിച്ചിരുന്ന പട്ടണം ഏത്?
2. നമ്മുടെ രൂപതാദ്ധ്യക്ഷന്റെ പേര്?
3. ഏദൻ തോട്ടത്തിന്റെ മറ്റൊരു പേര്?
4. ഈശോയ്ക്ക് വഴിയൊരുക്കാൻ വന്ന പ്രവാചകൻ ആര്?

**II** (5x4=20)

1. നമ്മുടെ ദൈവം എങ്ങനെയുള്ള ദൈവമാണ്?
2. മാലാഖമാർ ഈശോയെ സ്തുതിച്ചത് എങ്ങനെ?
3. ആദവും ഹവ്വായും ചെയ്ത പാപമെന്ത്?
4. രാജാക്കന്മാർ ഈശോയ്ക്ക് കാഴ്ചവച്ചത് എന്തെല്ലാം?
5. ഏദൻതോട്ടത്തിൽനിന്നും പുറത്താക്കപ്പെട്ട ആദിമാതാപിതാക്കൾ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ ഏവ?

**III** (1x7=7)

1. ഏദൻതോട്ടത്തിലെ സൗഭാഗ്യങ്ങൾ ഏവയെന്ന് പദസഞ്ചിയിൽനിന്നും എടുത്ത് പറയുക.




**IV** (1x8=8)

1. നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലുക

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത

# സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

തിയ്യതി :13.10.2019 **STD III** സമയം : 10.30 am - 12.30 pm

മാർക്ക് : 50

## വാചികപരീക്ഷ

**I ഉത്തരം ബ്രാക്കറ്റിൽനിന്നും തെരഞ്ഞെടുക്കുക** (4x1=4)

1. ജീവനിലേക്കുള്ള വഴികൾ ഏവ?
   (വിശ്വാസം, ദൈവകല്പനകൾ, സ്നേഹം)
2. ബാലനായ ഈശോയെ ദേവാലയത്തിൽവെച്ച് കാണാതായപ്പോൾ ഈശോയ്ക്ക് എത്ര വയസ്സുണ്ടായിരുന്നു?
   (7, 9, 12)
3. നമ്മുടെ ഇപ്പോഴത്തെ രൂപതാദ്ധ്യക്ഷന്റെ പേരെന്ത്?
   (മാർ പോളി കണ്ണൂക്കാടൻ, മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ, മാർ ജെയിംസ് പഴയാറ്റിൽ)
4. താഴെപറയുന്നവയിൽനിന്നും നാം സ്വീകരിക്കേണ്ടത് ഏത്?
   (ചീത്തവാക്കുകൾ, സാത്താൻ, നല്ല പുസ്തകങ്ങൾ)

**II ശരിയോ തെറ്റോ എന്ന് പറയുക** (4x3=12)

5. കായേലിന്റെ കാഴ്ചസമർപ്പണം ദൈവം സ്വീകരിച്ചു.
6. മോശ വഴി ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചു.
7. ദൈവത്തെ ധിക്കരിക്കുമ്പോൾ നമ്മളിലെ ദൈവിക ജീവൻ നഷ്ടമാകും.
8. നല്ല നിലത്തു വീണ വിത്ത് പക്ഷികൾ വന്നു തിന്നു.

**III ചേരുംപടി ചേർത്ത് പറയുക** (4x3=12)

| | | |
|---|---|---|
| 9. | ആദം | – ഇസഹാക്ക് |
| 10. | അബ്രാഹം | – പെട്ടകം |
| 11. | ദൈവം | – ഹവ്വ |
| 12. | നോഹ | – ജീവൻ |

**IV ഉത്തരം പറയുക** (3x5=15)

13. ദൈവത്തോടുകൂടി ജീവിക്കുമ്പോൾ നമുക്കുണ്ടാകുന്ന രണ്ടുകാര്യങ്ങൾ ഏവ?
14. ഏദൻതോട്ടത്തിലെ ഏത് വൃക്ഷത്തിൽനിന്ന് ഭക്ഷിക്കരുതെന്നാണ് ദൈവം ആദിമാതാപിതാക്കളോട് കല്പിച്ചത്?
15. ഗോപുരം നിർമ്മിക്കാൻ ശ്രമിച്ചവരെ ദൈവം എങ്ങനെയാണ് ചിതറിച്ചത്?
16. “നന്മ നിറഞ്ഞ മറിയമേ” എന്ന പ്രാർത്ഥന ചൊല്ലുക (4)

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത
## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

തിയ്യതി :13.10.2019 | **STD IV** | സമയം : 10.30 am - 12.30 pm
മാർക്ക് : 50

**I ഉത്തരമെഴുതുക** **(5x1=5)**

1. രക്ഷ പ്രദാനം ചെയ്യുന്ന ഈശോയുടെ സ്നേഹവിരുന്ന് എന്താണ്?
2. സഭാശരീരത്തിന്റെ ശിരസ്സ്?
3. ഈശോ രക്തം വിയർത്ത് പ്രാർത്ഥിച്ചതെവിടെ?
4. നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകൾ എന്താണ്?
5. 2019 ഒക്ടോബർ 13–ാം തിയ്യതി വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുന്ന നമ്മുടെ രൂപതാംഗം?

**II ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരംഎടുത്തെഴുതുക** **(4x1=4)**

6. സഭയിലെ ആദ്യത്തെ രക്തസാക്ഷി?
(പത്രോസ്, എസ്തപ്പാനോസ്, സാവൂൾ)
7. ഈശോയിലുള്ള വിശ്വാസം പത്രോസ് ശ്ലീഹ ഏറ്റുപറഞ്ഞത് എവിടെവച്ച്?
(കേസറിയ ഫിലിപ്പി, ജറുസലം, ബത്ലഹം)
8. 'വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യം കാണാൻ കഴിയുകയില്ല' എന്ന് ഈശോ പറഞ്ഞത് ആരോടാണ്?
(അന്ത്രയോസ്, മത്തായി, നിക്കോദെമോസ്)
9. 'പരിശുദ്ധ കന്യകാമറിയമെ, എന്റെ അമ്മേ, എന്റെ ഹൃദയം അങ്ങേ തിരുക്കുമാരന് ഇഷ്ടമുള്ള പൂങ്കാവനമാക്കി തീർക്കണെ' എന്ന സുകൃതജപം ആരുടേതാണ്?
(വി. എവുപ്രാസ്യ, വി. അൽഫോൻസ, വി. മദർതെരേസ)

**III ചേരുംപടി ചേർക്കുക** **(4x1=4)**

| | | |
|---|---|---|
| 10. വി. കുർബ്ബാന | – | കടന്നുപോകൽ |
| 11. മാമ്മോദീസ | – | ദേവാലയം |
| 12. ഈശോയുടെ ഭവനം | – | സമർപ്പണം |
| 13. പെസഹ | – | മുങ്ങുക |

P.T.O.

**IV പദസൂര്യൻ പൂർത്തിയാക്കുക** **(5x3=15)**

14.




15. പ്രവേശക കൂദാശകൾ ഏതെല്ലാം?
16. മാമ്മോദീസായുടെ ദൃശ്യമായ 3 അടയാളങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു. അവ എന്തിനെ സൂചിപ്പിക്കുന്നു.

| | |
|---|---|
| ഒന്നാമത്തെ തൈലംപൂശൽ | |
| രണ്ടാമത്തെ തൈലംപൂശൽ | |
| മൂന്നാമത്തെ തൈലംപൂശൽ | |

17. ദൈവികപുണ്യങ്ങൾ ഏതെല്ലാം?
18. പഴയനിയമത്തിലെ ബലിയർപ്പണത്തിന്റെ ഉദ്ദേശങ്ങൾ?

**V ഖണ്ഡികയിൽ ഉത്തരമെഴുതുക** **(4x2=8)**

19. ഈശോ അപ്പം വർദ്ധിപ്പിച്ച സംഭവം വിവരിക്കുക.
20. 'നന്മ നിറഞ്ഞ മറിയമെ' എന്ന ജപം എഴുതുക.

**VI ലഘു വിവരണം എഴുതുക** **(5x1=5)**

21. 'മുന്തിരിച്ചെടിയും ശാഖകളും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം തയ്യാറാക്കുക. (വി. യോഹന്നാൻ 15:1–6)
22. കൂദാശകൾ എന്നാൽ എന്ത്? എത്ര? ഏതെല്ലാം? നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ എന്തെല്ലാം? **(6x1=6)**

* Internal Assessment - 3 Marks

15. ഏദൻതോട്ടത്തിലെ നദികളുടെ പേര് എഴുതുക

| | |
|---|---|
| 1 | 2 |
| 3 | 4 |

16. ഫ്ളോചാർട്ട് പൂർത്തിയാക്കുക.

ദൈവം മോശയോട് മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട് അരുൾ ചെയ്ത കാര്യങ്ങൾ?

അടുത്ത് വരരുത് → 1.................................. → 2..................................
↓
അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം ← 3..................................

17. ദൈവം അബ്രാഹത്തിന് നൽകിയ വാഗ്ദാനം ഒരു ചാർട്ടിന്റെ രൂപത്തിൽ എഴുതുക.

18. സംഭവിച്ചവ ക്രമത്തിൽ എഴുതുക.

- ഇസ്രായേൽ ജനം പെസഹ ആചരിച്ചു.
- ഫറവോനും സൈന്യവും അവരെ പിൻതുടർന്നു
- ഈജിപ്തിലെ ആദ്യജാതരെ സംഹരിച്ചു.
- കടലിലെ വഴിയിൽ വീണ്ടും വെള്ളം നിറഞ്ഞു
- മോശ വടിയെടുത്ത് കടലിനുമീതെ നീട്ടി.
- ഇസ്രായേൽജനം ഉണങ്ങിയ മണ്ണിലൂടെ നടന്ന് അക്കരെയെത്തി.

**V ഖണ്ഡികയിൽ ഉത്തരമെഴുതുക (2x4=8)**

19. വിശ്വാസപ്രമാണം എഴുതുക.

20. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര നമുക്ക് നൽകുന്ന പാഠമെന്ത്?

**VI ഒരുപുറത്തിൽ ഉത്തരമെഴുതുക (1x5=5)**

21. ദൈവം ഈജിപ്തിന്റെമേൽ അയച്ച ബാധകൾ എത്ര? അവ ഏവ? വിശദീകരിക്കുക.

22. ഒരു പ്രസംഗം തയ്യാറാക്കുക **(1x6=6)**

"ജോസഫിന്റെ ജീവിതകഥ ഒരു ദൈവിക പദ്ധതിയായിരുന്നു"

* Internal Assessment - 3 Marks

# ഇരിങ്ങാലക്കുട രൂപത
# സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

**STD V**

തിയ്യതി :13.10.2019 സമയം : 10.30 am - 12.30 pm

മാർക്ക് : 50

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക (5x1=5)**

1. യാക്കോബിന്റെ പിതാവിന്റെ പേര്?
2. ജലപ്രളയത്തിനുശേഷം പെട്ടകം ഏത് പർവ്വതത്തിലാണ് ഉറച്ചത്?
3. അബ്രാഹം എന്ന വാക്കിന്റെ അർത്ഥം?
4. 2019 ഒക്ടോബർ 13ന് ഇരിങ്ങാലക്കുട രൂപതയിൽനിന്ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നത് ആര്?
5. ദൈവം മോശക്ക് പ്രത്യക്ഷപ്പെട്ടത് എവിടെ?

**II ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (4x1=4)**


6. യാക്കോബിന്റെ മൂത്തപുത്രന്റെ പേര്?
(ബഞ്ചമിൻ, ജോസഫ്, റൂബൻ)
7. മോശ എന്ന വാക്കിന്റെ അർത്ഥം?
(അനുഗ്രഹത്തിന്റെ ഉറവ, ദൈവത്തിന്റെ കാരുണ്യം, വെള്ളത്തിൽനിന്ന് എടുത്തു)
8. നിന്റെ പേര് ഞാൻ മഹത്വമമാക്കും. ആരുടെ പേര്?
(അബ്രാഹം, മോശ, അഹറോൻ)
9. ഇസ്രായേൽക്കാർ എത്രവർഷം മന്ന ഭക്ഷിച്ച് മരുഭൂമിയിൽ ജീവിച്ചു?
(41 വർഷം, 40 വർഷം, 45 വർഷം)

**III ചേരുംപടി ചേർക്കുക (4x1=4)**

| | | |
|---|---|---|
| 10. ഇസ്രായേൽ | – | എന്നെ കാണുന്ന ദൈവത്തെ ഞാനും കണ്ടു |
| 11. യാബോക്ക് | – | ദൈവത്തോട് മല്ലടിക്കുന്നവൻ |
| 12. ബഥേൽ | – | അരുവി |
| 13. എൽറോയ് | – | ദൈവത്തിന്റെ ഭവനം |

**IV ഉത്തരമെഴുതുക (5x3=15)**

14 പൂരിപ്പിക്കുക




P.T.O.

## ഇരിങ്ങാലക്കുട രൂപത
## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ
## STD VI

തിയ്യതി :13.10.2019 സമയം : 10.30 am - 12.30 pm

മാർക്ക് : 50

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക (4x1=4)**

1. 'മിശിഹ' എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. വി. തോമാശ്ലീഹാ കുത്തേറ്റത് എവിടെവച്ച്?
3. ദനഹതിരുനാൾ എന്തിന്റെ അനുസ്മരണമാണ്?
4. 'മതബോധനത്തിന്റെ പാപ്പ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന താര്?

**II ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക (4x1=4)**

5. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവരുടേതാണ്" വചനഭാഗം ഏത്?
   (മത്താ 3:5, ലൂക്കാ 3:6, മത്താ 5:3, യോഹ 5:4)
6. വി. മരിയഗൊരേത്തി ജനിച്ച വർഷം ഏത്?
   (1860 ഒക്ടോബർ 15, 1875 മാർച്ച് 10, 1890 ഒക്ടോബർ 16, 1890 ഒക്ടോബർ 8)
7. യേശുവിന്റെ മൃതശരീരം ഏറ്റുവാങ്ങിയ വ്യക്തിയാര്?
   (യോഹന്നാൻ, അരിമത്തിയാക്കാരൻ ജോസഫ്, പത്രോസ്, മറിയം)
8. "ഞാനും നിന്നെ വിധിക്കുന്നില്ല, പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്" എന്ന് ഈശോ പറഞ്ഞത് ആരോടാണ്?
   (കുഷ്ഠരോഗിയോട്, പാപിനിയോട്, അന്ധനോട്, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട്)

**III ചേരുംപടി ചേർക്കുക (5X2=10)**

| | | | |
|---|---|---|---|
| 9. | സഹനദാസൻ | – | ലാസർ |
| 10. | അമലോത്ഭവം | – | കോറിനാൾഡോ |
| 11. | നോമ്പിന്റെ സ്നേഹിതൻ | – | ഏശയ്യ |
| 12. | വി.മരിയ ഗൊരേത്തി | – | മാർത്തോമ നസ്രാണികൾ |
| 13. | ബഥാനിയ | – | 12–ാം പിയൂസ് മാർപാപ്പ |

P.T.O.

**IV രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (3x3=9)**

14. ഈശോയുടെ മാമ്മോദീസവേളയിൽ ത്രിത്വരഹസ്യം വെളിവാക്കപ്പെട്ടത് എങ്ങനെ?
15. ദൈവരാജ്യം എന്നാൽ എന്ത്?
16. സഹനദാസനെക്കുറിച്ചുള്ള പഴയനിയമപ്രവചനങ്ങൾ ഈശോ എങ്ങനെ തന്നിൽ പൂർത്തിയാക്കി?

**V ഖണ്ഡികയിൽ ഉത്തരമെഴുതുക (2x4=8)**

17. 'എത്രയും ദയയുള്ള മാതാവേ...' എന്ന ജപം എഴുതുക.
18. കുറിപ്പെഴുതുക. നോമ്പും ഉപവാസവും

**VI ഉപന്യസിക്കുക (അരപേജ്) (1x5=5)**

19. മംഗളവാർത്ത – പിറവിക്കാലങ്ങൾ വിശദീകരിക്കുക.

**VII പ്രസംഗം തയ്യാറാക്കാം (1x7=7)**

20. അത്ഭുതത്തിലൂടെയും അടയാളങ്ങളിലൂടെയും ഈശോ ദൈവിക മഹത്വം വെളിപ്പെടുത്തി. ഈശോ ചെയ്ത ഏതെങ്കിലും രണ്ട് അത്ഭുതങ്ങളെ അടിസ്ഥാനമാക്കി ഒരു പ്രസംഗം തയ്യാറാക്കുക.

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത
## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

തിയ്യതി :13.10.2019 **STD VII** സമയം : 10.30 am - 12.30 pm
മാർക്ക് : 50

**I ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** (4x1=4)

1. ഞായറാഴ്ച ആചരണത്തെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ അപ്പസ്തോലിക ലേഖനം?
2. 'സാബത്ത്' എന്ന പദത്തിന്റെ അർത്ഥം?
3. 'ഗോൽഗോഥാ' എന്ന വാക്കിന്റെ അർത്ഥം?
4. പരിശുദ്ധ അമ്മയെക്കുറിച്ച് കെ.പി.അപ്പൻ രചിച്ച ഗ്രന്ഥത്തിന്റെ പേര്?

**II ബ്രാക്കറ്റിൽനിന്നും ശരിയുത്തരം എഴുതുക** (4x1=4)

5. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനമാണ് ..........
(വിശ്വാസം, സ്നേഹം, പ്രത്യാശ)
6. ഈശോ ദൈവത്തെ അഭിസംബോധന ചെയ്തത് എങ്ങനെയാണ്?
(യാഹ്വേ, കർത്താവേ, ആബാ)
7. സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിത്തോട്ടമാണ്.............
(ഇസ്രായേൽ ഭവനം, ബഞ്ചമിൻ ഗോത്രം, ലേവ്യവംശം)
8. മുഖത്തെ പ്രശോഭിപ്പിക്കുന്നതും പരുഷഭാവത്തെ അകറ്റുന്നതും എന്ത്? (ധ്യാനം, സ്നേഹം, വിവേകം)

**III ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** (5x2=10)

9. ലഹരി വസ്തുക്കളുടെ ഉപയോഗം തിന്മയാണ്. എന്തുകൊണ്ട്?
10. മനുഷ്യജീവന്റെ മഹത്വത്തിന് നിദാനമെന്ത്?
11. രണ്ടാം പ്രമാണം നമ്മെ അനുസ്മരിപ്പിക്കുന്നതെന്താണെന്ന് വ്യക്തമാക്കുക.
12. സൈന്യങ്ങളുടെ കർത്താവ് ഇസ്രായേലിനെ സംരക്ഷിക്കുന്നതെങ്ങനെ?
13. യേശുവിന്റെ അമ്മയും സഹോദരന്മാരും ആരാണ്?

**IV രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** (3x3=9)

14. കല്പനകൾ എന്തിനെല്ലാം നമ്മെ സഹായിക്കുന്നു?
15. മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകൾ ഏവ?
16. ജീവൻ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?

P.T.O.

**V ഖണ്ഡികയിൽ ഉത്തരമെഴുതുക** (2x4=8)

17. കുമ്പസാരത്തിനുള്ള ജപം എഴുതുക.
18. വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധന അല്ല. എന്തുകൊണ്ട്?

**VI ഉപന്യസിക്കുക** (1x5=5)

19. കർത്താവിന്റെ ദിനമായ ഞായറാഴ്ച നാം ആചരിക്കേണ്ടത് എങ്ങനെ?

**VII കത്ത് എഴുതുക** (1x7=7)

20. നാം ഓരോരുത്തരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. ലൈംഗിക വിശുദ്ധിക്കെതിരായ തിന്മകൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധി പാലിക്കാൻ നിങ്ങൾ ചെയ്യുന്ന നല്ല കാര്യങ്ങളും നല്ല തീരുമാനങ്ങളും അറിയിച്ചുകൊണ്ട് നിങ്ങളുടെ സുഹൃത്തിന് ഒരു കത്തെഴുതുക. (ഏഴാം പാഠത്തിലെ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തികൊണ്ട് എഴുതുക)

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത

## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

തിയ്യതി : 06.10.2019 **STD VIII** സമയം : 2 pm - 4 pm

മാർക്ക് : 50

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** (4x1=4)

1. അപരനു നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടേണ്ടതില്ല" എന്ന് ഉദ്ഘോഷിച്ചതാര്?
2. എക്ളേസിയ എന്ന വാക്കിന്റെ അർത്ഥമെന്താണ്?
3. വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിക്കുന്നത് എന്നാണ്?
4. പാപത്തേക്കാൾ മരണമാണ് നല്ലത്. ആരുടെ വാക്കുകൾ?

**II ബ്രാക്കറ്റിൽനിന്നും ഉത്തരം എഴുതുക** (4x1=4)

5. ഉടമ്പടി പാലനത്തിന്റെ അവശ്യ വ്യവസ്ഥ എന്ത്?
   (വചനം പാലിക്കുക, നിയമം അനുസരിക്കുക, കല്പന പാലിക്കുക)
6. വിശ്വാസത്തിലേക്ക് കടന്നുവരാനുള്ള വാതിൽ?
   (സുവിശേഷപ്രഘോഷണം, കുർബ്ബാന, കൂദാശകൾ)
7. ശരീരത്തിന്റെ വിളക്ക് എന്താണ്?
   (ഹൃദയം, കണ്ണ്, തല)
8. അനുതപിക്കാത്ത നഗരമേത്?
   (കൊറാസീൻ, യൂദയ, നസറത്ത്)

**III ചേരുംപടി ചേർക്കുക** (5x2=10)

| | | |
|---|---|---|
| 9. പുരോഹിതവംശം | – | ജറുസലം |
| 10. ദമാസ്ക്കസ് | – | 1842 ഏപ്രിൽ 2 |
| 11. യാക്കോബ് | – | ലേവീഗോത്രം |
| 12. ഡൊമിനിക് സാവിയോ ജനനം | – | സാവൂൾ |
| 13. എമ്മാവൂസ് | – | ഇസ്രായേൽ |

**IV രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** (3x3=9)

14. നാം ദൈവത്തിന്റെ ആലയമായി തീരുന്നത് എങ്ങനെ?
15. വിശുദ്ധ കുർബ്ബാനയാണ് ഏറ്റവും ശ്രേഷ്ഠമായ ആരാധന. സമർത്ഥിക്കുക.

P.T.O.

16. പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് നൽകുന്ന ഫലങ്ങൾ ഏതെല്ലാം?

**V ഖണ്ഡിക എഴുതുക** (4x2=8)

17. കുമ്പസാരത്തിനുള്ള ജപം എഴുതുക.
18. സഭ മിശിഹായുടെ ശരീരമാണെന്ന ബോധ്യം പൗലോസ് ശ്ലീഹായ്ക്ക് ലഭിച്ചതെങ്ങനെ?

**VI ഉപന്യസിക്കുക** (1x5=5)

19. സഭയുടെ അടിസ്ഥാന സ്വഭാവമാണ് പങ്കുവയ്ക്കൽ. വ്യക്തമാക്കുക.

**VI** (1x7=7)

20. ആത്മാവിന്റെ പ്രവർത്തനം ആദിമക്രൈസ്തവ സമൂഹത്തിൽ എന്ന വിഷയത്തെ അടിസ്ഥാനമാക്കി നിന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഏതെല്ലാം തലങ്ങളിൽ അനുഭവപ്പെടുന്നുണ്ടെന്ന് 4–ാം പാഠഭാഗത്തെ ആസ്പദമാക്കി 2 പേജിൽ കുറയാതെ പ്രസംഗം തയ്യാറാക്കുക.

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത
## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

**STD IX**

തിയ്യതി : 06.10.2019 | സമയം : 2 pm - 4 pm
മാർക്ക് : 50

---

**I ഉത്തരമെഴുതുക** [4x1=4]

1. ലിറ്റർജി എന്ന വാക്കിന്റെ ഉത്ഭവം ഏത് ഗ്രീക്ക് പദത്തിൽനിന്നാണ്?
2. ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രം എന്താണ്?
3. ജറുസലെമിൽ ദേവാലയം പണിയിച്ചത് ആര്?
4. സുവിശേഷപ്രസംഗം എന്താണ്?

**II ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എഴുതുക** [4x1=4]

5. ഈശോയുടെ തിരുശരീര രക്തങ്ങളുടെ പ്രതീകം എന്താണ്?
(അപ്പവും വീഞ്ഞും, ക്രൂശിതരൂപം, ദൈവവചനം)
6 അഗതികളുടെ അമ്മ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ആരാണ്?
(വി. ഏവുപ്രാസ്യ, വി.അൽഫോൻസ, വി.മദർതെരേസ)
7 അനാഫൊറ എന്ന വാക്കിന്റെ അർത്ഥം?
(ആരാധിക്കുക, ഉയർത്തുക, വാഴ്ത്തുക)
8 ദൈവൈക്യ ശുശ്രൂഷയുടെ പ്രധാന ഘടകം?
(കാഴ്ചവെപ്പ്, കുർബ്ബാന സ്വീകരണം, വിഭജന ശുശ്രൂഷ)

**III ചേരുംപടി ചേർക്കുക** [5x2=10]

| | | |
|---|---|---|
| 9. പിച്ചള സർപ്പം | – | പ്രഘോഷണ പ്രാർത്ഥന |
| 10. ബലിവേദി | – | രക്ഷയുടെ അടയാളം |
| 11. കാറോസൂസ | – | മദ്ബഹ |
| 12. പുത്തൻപാന | – | മാർ തോമാശ്ലീഹ |
| 13. ഭാരത അപ്പസ്തോലൻ | – | അർണോസ് പാതിരി |

**IV ഉത്തരമെഴുതുക** [3x3=9]

14. വിശുദ്ധ കുർബ്ബാനയിലെ കൈകഴുകൽ എന്തിനെ സൂചിപ്പിക്കുന്നു?
15. സീറോ മലബാർ സഭയിൽ വി. കുർബ്ബാനയുടെ മൂന്ന് രൂപങ്ങൾ ഏത്?
16. ആമുഖ ശുശ്രൂഷ എന്നതുകൊണ്ട് എന്ത് അർത്ഥമാക്കുന്നു?

P.T.O.

**V ഖണ്ഡികയിൽ ഉത്തരമെഴുതുക** [2x4=8]

17. വിശ്വാസപ്രമാണം എന്ന ജപം എഴുതുക.
18. വി. കുർബ്ബാന ബലിയും വിരുന്നുമാണ്. സമർത്ഥിക്കുക.

**VI ഖണ്ഡികയിൽ ഉത്തരമെഴുതുക** [1x5=5]

19. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെക്കുറിച്ച് ഒരു ലഘുവിവരണം എഴുതുക.

**VI ഉപന്യസിക്കുക** [1x7=7]

20. വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളെ കുറിച്ച് വിശദമാക്കുക.

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത
# സൺഡേ സ്ക്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

തിയ്യതി : 06.10.2019 **STD X** സമയം : 2 pm - 4 pm

മാർക്ക് : 50

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **(5x1=5)**

1. 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന് അപരനാമമുള്ള വിശുദ്ധൻ?
2. ദൈവപിതാവിന്റെ സുവിശേഷം?
3. ആദ്ധ്യാത്മിക ശിക്ഷണത്തിന്റെ ഈറ്റില്ലം?
4. ഏത് വരത്തിനാണ് നിങ്ങൾ തീക്ഷ്ണതയോടെ ആഗ്രഹിക്കേണ്ടത്?
5. കർത്താവിൽ ആശ്രയിക്കുന്നവരെ പോറ്റുന്നത് എന്താണ്?

**II ബ്രാക്കറ്റിൽനിന്നും ഉത്തരമെഴുതുക** **(5x1=5)**

6. മിലാൻ വിളംബരം നടന്ന വർഷം?
(ഏ.ഡി. 303, ഏ.ഡി. 313, ഏ.ഡി. 310)
7. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേൽപ്പിച്ച ദൗത്യം?
(വിശുദ്ധ ബലിയർപ്പണം, സുവിശേഷ പ്രഘോഷണം, പ്രേഷിത പ്രവർത്തനം)
8. സുവിശേഷാനുസൃതം ജീവിച്ച ആദിമസഭയിൽ മിഴിവാർന്ന് നിന്ന സവിശേഷത?
(പ്രാർത്ഥനാജീവിതം, അപ്പം മുറിക്കൽ, ദൈവവചന പ്രഘോഷണം)
9. ദൈവം സ്നേഹിക്കുന്നത് ആരെയാണ്?
(സന്തോഷപൂർവ്വം നൽകുന്നവനെ, വിവേകമുള്ളവനെ, സത്യസന്ധനെ)
10. ആരാണ് യഥാർത്ഥത്തിൽ ദൈവത്തിന് സ്വീകാര്യൻ?
(ജ്ഞാനമുള്ളവൻ, കർത്താവ് പ്രശംസിക്കുന്നവൻ, പ്രാർത്ഥിക്കുന്നവൻ)

**III രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **(5x3=15)**

11. മതപീഡനം സഭയെ തളർത്തുകയല്ല, വളർത്തുകയാണ് ചെയ്തത്. എന്ന് പറയാൻ കാരണമെന്ത്?
12. ആദിമക്രൈസ്തവ സമൂഹം കൂട്ടായ്മ അനുഭവത്തിൽ വളർന്നതെങ്ങനെ?
13. ശീശ്മയും പാഷണ്ഡതയും തമ്മിലുള്ള വ്യത്യാസമെന്ത്?
14. സുവിശേഷവത്കരണത്തിനുള്ള പ്രധാനപ്പെട്ട മാർഗ്ഗം ക്രിസ്തീയ ജീവിതം വഴി നൽകുന്ന സാക്ഷ്യമാണ്. എങ്ങനെ?
15. വിശുദ്ധ കുർബ്ബാന അർപ്പിക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങൾ വി.പൗലോസ് ശ്ലീഹ നമ്മെ ഓർമ്മിപ്പിക്കുന്നു. ഏതെല്ലാം?

P.T.O.

**IV ഖണ്ഡികയിൽ ഉത്തരമെഴുതുക.** **(3x4=12)**

16. സഭ സ്വഭാവത്താലെതന്നെ പ്രേഷിതയാണ്. വിശദീകരിക്കുക.
17. ആരാണ് സഭാപിതാക്കന്മാർ? വിശ്വാസ സംരക്ഷണത്തിൽ പങ്ക് വഹിച്ച പിതാക്കന്മാരുടെ പേരെഴുതുക.
18. കുമ്പസാരത്തിനുള്ള ജപം എഴുതുക.

**V ഉപന്യസിക്കുക** **(1x4=4)**

19. ദൈവവചനം സ്വീകരിച്ച് വീരോചിതരായി ജീവിച്ചവരാണ് വിശുദ്ധർ. ദൈവവചനത്തിന്റെ പാതയിൽ ധീരമായി മുന്നേറാൻ വിശുദ്ധരുടെ ജീവിതം സഭാമക്കൾക്ക് എങ്ങനെ പ്രചോദനം നൽകുന്നുവെന്ന് വിവരിക്കുക.

**VI പ്രസംഗം തയ്യാറാക്കുക** **(1x6=6)**

20. സഹനത്തിന്റെ പ്രേഷിതരായ വി. അൽഫോൻസമ്മയുടെയും, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെയും ജീവിതവും സ്വന്തം ജീവിതാനുഭവങ്ങളും ചേർത്തൊരുക്കി ഒരു പ്രസംഗം തയ്യാറാക്കുക.

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത
## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

**STD XI**

തിയ്യതി : 06.10.2019 സമയം : 2 pm - 4 pm
മാർക്ക് : 50

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** [4x1=4]

1. പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായി വണങ്ങപ്പെടുന്ന വിശുദ്ധനാര്?
2. വാ.മറിയം ത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നത് എന്ന്?
3. മനഃസാക്ഷി രൂപീകരണത്തിലെ പ്രഥമ നടപടി എന്ത്?
4. ഏതു രാജാവിന്റെ കാലത്താണ് ഹഗ്ഗായി പ്രവാചകന് കർത്താവിന്റെ അരുളപ്പാട് ഉണ്ടായത്?

**II ബ്രാക്കറ്റിൽ നിന്നും ഉത്തരമെഴുതുക** [4x1=4]

5. എന്താണ് ക്രിസ്ത്യാനിയുടെ മാർഗ്ഗദർശി?
   (ദൈവവചനം, മനഃസാക്ഷി, ദൈവകല്പന)
6. സൂക്തങ്ങളുടെയും ചൊല്ലുകളുടെയും സമാഹാരം എന്ത്?
   (സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, ഉത്തമഗീതം)
7. മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം എന്താണ്?
   (നിത്യജീവൻ, സ്വർഗ്ഗരാജ്യം, പരമനന്മയായ ദൈവത്തിലെത്തിച്ചേരുക)
8. വി. ജാന്ന ബറേത്തയുടെ ജന്മസ്ഥലം എവിടെ?
   (ഇറ്റലി, ഫ്രാൻസ്, ഇസ്രായേൽ)

**III ഉത്തരമെഴുതുക** [5x2=10]

9. ഏതെങ്കിലും രണ്ട് അപ്പോക്രിഫൽ ഗ്രന്ഥങ്ങളുടെ പേരെഴുതുക.
10. ഈശോയുടെ വ്യക്തിത്വത്തിൽ നിങ്ങളെ ഏറ്റവുമധികം ആകർഷിച്ച ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.
11. 'മക്കളെ ശിക്ഷണം നൽകി വളർത്തണം' എന്നു സൂചിപ്പിക്കുന്ന പഴയ നിമയവചനം ഏത്?
12. ക്രിസ്തീയ വ്യക്തിത്വത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം?
13. കർത്താവ് ജനതകളുടെ അധരങ്ങളെ ശുദ്ധീകരിക്കുന്നത് എന്തിനു വേണ്ടിയാണ്?

**IV രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** [3x3=9]

14. 'മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണ്ണായകശക്തി പരിശുദ്ധാത്മാവാണ്'. സമർത്ഥിക്കുക.

P.T.O.

15. ഈശോ എങ്ങിനെയാണ് എന്റെ രക്ഷകനായിത്തീരുന്നത്?
16. ഈശോയുടെ ചരിത്രപരതയ്ക്ക് ഉറപ്പുള്ള തെളിവാണ് ആദിമസഭാ സമൂഹത്തിന്റെ വിശ്വാസപ്രഘോഷണം. വിവരിക്കുക.

**V ഖണ്ഡികയിൽ ഉത്തരമെഴുതുക** [2x4=8]

17. വിശ്വാസപ്രമാണം എഴുതുക.
18. ക്രിസ്തീയ ജീവിതശൈലി സ്വന്തമാക്കുന്നവനിൽ പ്രകടമാകുന്ന പ്രത്യേകതകൾ ഏവ?

**VI ഉപന്യസിക്കുക** [1x5=5]

19. 'പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഈശോ'. സമർത്ഥിക്കുക.

**VII ഒന്നരപേജിൽ കവിയാതെ എഴുതുക** [1x7=7]

20. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരുവാൻ എന്തെല്ലാം ചെയ്യണമെന്ന് വിശദമാക്കിക്കൊണ്ട് ഒരു പ്രസംഗം തയ്യാറാക്കുക.

* Internal Assessment - 3 Marks

## ഇരിങ്ങാലക്കുട രൂപത
## സൺഡേ സ്കൂൾ മതബോധന അർദ്ധവാർഷിക പരീക്ഷ

**STD XII**

തിയ്യതി : 06.10.2019 സമയം : 2 pm - 4 pm

മാർക്ക് : 50

---

**I ഉത്തരമെഴുതുക** [5x1=5]

1. എല്ലാ വെളിപാടിന്റെയും പൂർണ്ണത ആരിലാണ് ദർശിക്കുന്നത്?
2. 2019–20ൽ ഇരിങ്ങാലക്കുട രൂപത വിശ്വാസ പരിശീലനത്തിന് തെരഞ്ഞെടുത്ത ആപ്തവാക്യം?
3. സഭയുടെ വിശ്വാസരഹസ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏത്?
4. ആരിലൂടെയാണ് ദൈവം അവസാനനാളുകളിൽ സംസാരിക്കുന്നത്?
5. സഭയിലെ ആദ്യത്തെ സൂനഹദോസ്?

**II ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** [5x1=5]

6. ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രം?
   (വി.കുർബ്ബാന, ആരാധനക്രമം, കൂദാശകൾ)
7. എന്റെ നാവ് രാപകൽ ഘോഷിക്കുന്നതെന്ത്?
   (നീതിയും സ്തുതിയും, മഹിമയും സ്തുതിയും, നീതിയും കരുണയും)
8. സഭായോഗങ്ങളിൽ മുടങ്ങാതെ സംബന്ധിക്കണം എന്ന് ഓർമ്മപ്പെടുത്തുന്ന ലേഖനം ഏത്?
   (റോമ, ഹെബ്രായർ, ഗലാത്തിയ)
9. ബൈബിൾ വിജ്ഞാനീയത്തിന്റെ പിതാവ് ആര്?
   (വി.ജെറോം, വി.അഗസ്റ്റിൻ, വി. ഫ്രാൻസിസ് സേവ്യർ)
10. ദൈവത്തിന്റെ മുഖം ദർശിക്കുന്നത് ആര്?
    (കരുണയുള്ളവർ, പരമാർത്ഥ ഹൃദയർ, ഹൃദയ ശുദ്ധിയുള്ളവർ)

**III രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** [5x3=15]

11. എന്തുകൊണ്ടാണ് ഭൗതികവാദം ക്രൈസ്തവ വിശ്വാസത്തിന് എതിരാവുന്നത്?
12. വിശ്വാസത്തിന്റെ അനുസരണത്തിന് പരിപൂർണ്ണ മാതൃകയാണ് കന്യകാമറിയം. വ്യക്തമാക്കുക.
13. ബൈബിൾ വ്യാഖ്യാനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
14. ദൈവവചനത്തിന്റെ ധർമ്മങ്ങൾ എന്തെല്ലാം?

P.T.O.

15. സങ്കീർത്തകന്റെ കാഴ്ചപാടിൽ കർത്താവിന്റെ വിശുദ്ധ സ്ഥലത്ത് നിൽക്കുവാൻ യോഗ്യതയുള്ളവരുടെ ഏതെങ്കിലും മൂന്ന് ഗുണങ്ങൾ എഴുതുക.

**IV രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** [3x3=9]

16. പെന്തക്കോസ്ത് സമൂഹങ്ങളുടെ പ്രധാനജീവിതശൈലിയും പഠനങ്ങളും ഏവ?
17. ഈശോ തിന്മയെ പരാജയപ്പെടുത്തിയത് എങ്ങനെ?
18. മനഃസ്താപപ്രകരണം എന്ന ജപം എഴുതുക.

**V ഉപന്യസിക്കുക** [1x6=6]

19. ക്രൈസ്തവവിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന കാലഘട്ടത്തിൽ നമ്മുടെ വിശ്വാസത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.

**VI പ്രസംഗം തയ്യാറാക്കുക**

20. പ്രസംഗം തയ്യാറാക്കുക: വിഷയം – അനാരോഗ്യകരമായ മത്സരബുദ്ധി [1x7=7]

* Internal Assessment - 3 Marks